പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

01.02.2018-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1905

# ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.ടി. തോമസ്<br>" അനൂപ് ജേക്കബ്<br>" കെ.എസ്.ശബരീനാഥൻ<br>" എ.പി. അനിൽ കുമാർ | പിണറായി വിജയൻ(മുഖ്യമന്ത്രി) |
| (എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ നടത്തിപ്പിനായി ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനുമായി കരാറിൽ ഒപ്പുവച്ചിട്ടുണ്ടോ; | (എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഡൽഹി മെട്രോ റെയിൽ കോർപ്പറേഷനുമായി നിലവിൽ കരാറൊന്നും ഒപ്പ വച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായതിനു ശേഷം ഡി.എം.ആർ.സി യെ പദ്ധതി നിർവഹണത്തിനുള്ള കൺസൽറ്റന്റായി നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ലൈറ്റ് മെട്രോ പദ്ധതികൾക്ക് മുന്നോടിയായി താഴെ പറയുന്ന പ്രാരംഭ ജോലികൾക്കായുള്ള ഇടക്കാല കൺസൽറ്റന്റായി ഡി.എം.ആർ.സി യെ നിയമിച്ചുകൊണ്ടുള്ള കരാർ 20.01.2016 ന് ഒപ്പ് വയ്ക്കുകയും, അതിൻ പ്രകാരമുള്ള ജോലികൾ പൂർത്തിയാക്കുകയും ചെയ്തു. പ്രാരംഭ നടപടികൾക്കായി ഇടക്കാല കൺസൽറ്റന്റായ ഡി.എം.ആർ.സി യുടെ ചുമതലകൾ താഴെ പറയുന്നു.<br>1.. സ്ഥലമെടുപ്പിനാവശ്യമായ വിശദ വിവരങ്ങൾ തയ്യാറാക്കുക.<br>2. ലൈറ്റ് മെട്രോ പാതയിൽ ആവശ്യമായ മേൽപ്പാലങ്ങളുടെ രൂപരേഖയും എസ്റ്റിമേറ്റും തയ്യാറാക്കുക.<br>3. പൈപ്പുകളും കേബിളുകളും മാറ്റി |

സ്ഥാപിക്കാനുള്ള രൂപരേഖ തയ്യാറാക്കുക.

4. ലൈറ്റ് മെട്രോ കോച്ചുകളുടെ രൂപകല്പനയും, ദീർഘകാലം ക്ഷമിക്കുന്നതിനാവശ്യമായ സാങ്കേതിക വിവരണങ്ങളും തയ്യാറാക്കുക.

5. കേന്ദ്രസർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ സാങ്കേതിക ഉപദേശം /വിവരങ്ങൾ ലഭ്യമാക്കുക.

**ബി** തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ നടത്തിപ്പ് ഏത് ഘട്ടത്തിലാണ്;

**ബി** തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് 11.09.2015-ലെ ജി.ഒ. (എം.എസ്)74/15/പി.ഡബ്ല്യൂ.ഡി പ്രകാരം 6728 കോടി ( തിരുവനന്തപുരം - 4219 കോടി + കോഴിക്കോട് - 2509 കോടി) രൂപയ്ക്ക് കേരള സർക്കാർ ഭരണാനുമതി നല്കി. തുടർന്ന് കേന്ദ്രസർക്കാരിന്റെ അനുമതിക്കായി പ്രസ്തുത പദ്ധതിയുടെ വിശദരൂപരേഖകളും മറ്റ് വിശദവിവരങ്ങളും 2015 സെപ്റ്റംബറിൽ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര നഗരവികസന മന്ത്രാലയം പ്രസ്തുത പദ്ധതിയുടെ വിശകലനവും പരിശോധനയും നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ പ്രക്രിയയുടെ ഭാഗമായി വിവധ കേന്ദ്ര മന്ത്രാലയങ്ങളുടെയും വകുപ്പുകളുടെയും അഭിപ്രായങ്ങളും സംശയങ്ങളും കേരള സർക്കാരിനെ അറിയിക്കുകയും അവയ്ക്കെല്ലാം മറുപടി / വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടന്നുവരവെ 2017 ആഗസ്റ്റിൽ കേന്ദ്ര സർക്കാരിന്റെ പുതിയ മെട്രോ നയം പ്രഖ്യാപിച്ചു. ഇതിൻ പ്രകാരം പുതുക്കിയ പദ്ധതി രേഖ ഡി. എം.ആർ.സി തയ്യാറാക്കി 2017 നവംബറിൽ കേരള സർക്കാരിന് സമർപ്പിച്ചു. സംസ്ഥാനസർക്കാർ അംഗീകാരത്തിന് ശേഷം -

| | | |
|---|---|---|
| | | കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്. |
| സി | ഈ സർക്കാർ അധികാരമേറ്റതിന് ശേഷം സി ലൈറ്റ് മെട്രോ പദ്ധതിയുടെ നടത്തിപ്പിനായി എന്തൊക്കെ കാര്യങ്ങൾ ചെയ്തു എന്ന് വിശദമാക്കാമോ; | തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, പട്ടം, ഉള്ളൂർ, എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കാൻ സംസ്ഥാന സർക്കാർ 08.09.2016-ലെ ജി.ഒ. (എം.എസ്.) നം. 67/2016/പി.ഡബ്ല്യൂ.ഡി പ്രകാരം 272.84 കോടി രൂപയ്ക്ക് ഭരണാനുമതി നൽകി. ഇതിനാവശ്യമായ 2.77 ഹെക്ടർ സ്ഥലമേറ്റെടുപ്പിനുള്ള അനുമതിയും നല്കിയിട്ടുണ്ട് പദ്ധതി ചെലവ് തുക കിഫ്ബി സമാഹരിച്ച് ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനായി രൂപീകരിച്ച SPV ആയ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) വഴി ചെലവഴിക്കുന്നതിനും, പദ്ധതി നടപ്പിലാക്കുന്നതിനുള്ള കൺസൽറ്റൻറായി ഡി.എം.ആർ.സി-യെ നിയമിക്കുന്നതിനും ഉത്തരവായിട്ടുണ്ട്.<br><br>1. കൂടാതെ പ്രസ്തുത ജി.ഒ പ്രകാരം, കോഴിക്കോട് ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.4474 ഹെക്ടർ സ്വകാര്യ ഭൂമിയും, തിരുവനന്തപുരം ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.9893 ഹെക്ടർ സ്വകാര്യ ഭൂമിയും, ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള വിശദാംശങ്ങൾ അതാത് ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്.<br><br>2.. ലൈറ്റ് മെട്രോ ഡിപ്പോ / യാർഡ് നിർമ്മാണങ്ങൾക്കായി തിരുവനന്തപുരത്ത് 19.54.716 ഏക്കർ സർക്കാർ ഭൂമിയും, കോഴിക്കോട് 8.2819 ഹെക്ടർ സർക്കാർ ഭൂമിയും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്.<br><br>3. തിരുവനന്തപുരം ലൈറ്റ് മെട്രോപദ്ധതിയുടെ മറ്റൊരു പ്രധാന പ്രാരംഭ പ്രവർത്തനമായ കഴക്കൂട്ടം - കേശവദാസപുരം പാത വികസത്തിനും 16.01.2017-ലെ ജി.ഒ. (എം.എസ്.) നം. 79/2017/പി.ഡബ്ല്യൂ.ഡി. |

പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

4. കോഴിക്കോട് ലൈറ്റ് മെട്രോയുടെ പ്രധാന പ്രാരംഭ പ്രവർത്തനമായ മാനാഞ്ചിറ - മീഞ്ചന്ത പാത വികസത്തിനും 28.07.2017-ലെ ജി.ഒ.(ആർ.ടി.) നം. 1108/2017/പി.ഡബ്ല്യു.ഡി, പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| ഡി | കേന്ദ്ര സർക്കാരിൽ നിന്നും ഈ ഡി പദ്ധതിക്കുള്ള മൊബിലിറ്റി പ്ലാനിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; | നാറ്റ് പാക്ക് തയ്യാറാക്കിയ Comprehensive Mobility Plan (CMP) 2015 ഒക്ടോബറിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു ഇതിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭ്യമായിട്ടില്ല. |
| ഇ | പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് എത്ര ഭൂമി ഏറ്റെടുക്കേണ്ടിവരും; ഇതിൽ എത്ര ഭൂമി ഏറ്റെടുത്തു കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ? | ലൈറ്റ് മെട്രോ ഡിപ്പോ / യാർഡ് നിർമ്മാണങ്ങൾക്കായി തിരുവനന്തപുരത്ത് 19.54.716 ഏക്കർ സർക്കാർ ഭൂമിയും, കോഴിക്കോട് 8.2819 ഹെക്ടർ സർക്കാർ ഭൂമിയും കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുണ്ട്. ലൈറ്റ് മെട്രോ പദ്ധതിയോടനുബന്ധിച്ച് തിരുവനന്തപുരത്ത് ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നീ സ്ഥലങ്ങളിൽ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനും അതിനാവശ്യമായ സ്ഥലമെടുപ്പിനും ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.4474 ഹെക്ടർ സ്വകാര്യ ഭൂമിയും, തിരുവനന്തപുരം ലൈറ്റ് മെട്രോ സ്റ്റേഷനുകളുടെ നിർമ്മാണത്തിനായി 1.9893 ഹെക്ടർ സ്വകാര്യ ഭൂമിയും. ഏറ്റെടുക്കുന്നതിനുള്ള അനുമതി 08.09.2016-ൽ നൽകിയിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള വിശദാംശങ്ങൾ അതാത് ജില്ലാ കളക്ടർമാർക്ക് കൈമാറിയിട്ടുണ്ട്. സ്വകാര്യ ഭൂമിയൊന്നും ഇതുവരെ ഏറ്റെടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ